**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 76** **10-06-2024 - ൽ മറുപടിയ്ക്ക്**

**സുൽത്താൻ കനാലിന്റെ തകർന്ന പാർശ്വഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ സുൽത്താൻ കനാലിന്റെ തകർന്ന പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിന് കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് മുഖേന 5.8 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സുൽത്താൻ കനാലിന്റെ തകർന്ന പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള 3 പ്രവൃത്തികൾക്കുമായി 5.8 കോടി രൂപയുടെ ഭരണാനുമതി നൽകിയ ശേഷം, സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ 3 തവണ ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറായില്ല. വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | റീ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാർ ടി പ്രവൃത്തികൾ ഏറ്റെടുക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ